


*(വായനക്കാരുടെ അറിവിനും ആനന്ദത്തിനും  വേണ്ടി ഈസ്റ്ററിനെ പറ്റിയുള്ള ചില മൊഴിമുത്തുകൾ ഈ ലേഖകൻ പരിഭാഷപ്പെടുത്തിയത് താഴെ കൊടുക്കുന്നു. - സുധീർ പണിക്കവീട്ടിൽ സുധീർ പണിക്കവീട്ടിൽ)*

*സത്യത്തെ ഒരു കല്ലറയിൽ അടക്കാം എന്നാൽ അതു അവിടെ തങ്ങുകയില്ലെന്ന് ഈസ്റ്റർ നമ്മെ ബോധിപ്പിക്കുന്നു.

*ഭൂമിയിലെ ഏറ്റവും സന്തോഷം നിറഞ്ഞതും, ഏറ്റവും ദുഃഖം നിറഞ്ഞതുമായ ദിവസങ്ങൾക്ക് തമ്മിൽ മൂന്നു  ദിവസത്തിൻെറ അകലമേയുള്ളു.

*ഈസ്റ്റർ കാലം ആനന്ദിക്കാനും, നന്ദിയുള്ളവരായിരിക്കാനും, പാപങ്ങൾ പൊറുത്തുവെന്നു ഉറപ്പാക്കികൊണ്ട് ഈ ഭൂമിയിലെ മണ്ണിൽ നിന്നും അപ്പുറത്തേക്ക് ജീവിതം നീളുന്നു എന്നു വിശ്വസിക്കാനുമാണ്.

*ഈസ്റ്ററിൻെറ ഏറ്റവും വലിയ സമ്മാനം പ്രത്യാശയാണ് അതിനെ ഒന്നിനും ഇളക്കാൻ കഴിയില്ല. ആ ക്രുസ്തീയ പ്രത്യാശ ദൈവത്തിലുള്ള ദ്രുഢവിശ്വാസത്തെ, അവൻെറ അവസാന വിജയത്തെ, അവൻെറ സ്നേഹത്തേയും, നന്മയേയും നമ്മിൽ ഉറപ്പിക്കുന്നു.

*ഈസ്റ്റർ ദിവസം,  കാലവും നിത്യതയും തമ്മിലുള്ള മറയെ മാറാല പോലെ നേരിയതാക്കുന്നു.

*ഈ ഭൂമിയിൽ നിന്ന്, ഈ കല്ലറയിൽ നിന്ന്, ഈ പൊടിയിൽ നിന്ന് എന്നെ എൻെറ ദൈവം ഉയർത്തുമെന്ന് ഞാൻ വിശ്വസിക്കുന്നു.

*നിനക്കുള്ളതെല്ലാം കൊടുക്കുമ്പോൾ നീ പൂർണ്ണമായി ഒന്നും കൊടുക്കുന്നില്ല, നീ നിന്നെ തന്നെ പൂർണ്ണമായി സമർപ്പിക്കുമ്പോളാണ് നീ യഥാർത്ഥമായി കൊടുക്കുന്നത്.

*എൻെറ ജീവിതസാഹചര്യങ്ങൾ എന്ത് തന്നെയായാലും പുനരുത്ഥാനം എൻെറ ജീവിതത്തിനു അർത്ഥവും, ദിശയും വീണ്ടും ആരംഭിക്കാൻ അവസരങ്ങളും നൽകുന്നു.

*പ്രവർത്തിക്കുന്ന മനുഷ്യനെ പോലെ ചിന്തിക്കുക, ചിന്തിക്കുന്ന മനുഷ്യനെ പോലെ പ്രവർത്തിക്കുക.

*ദൈവം പക്ഷികളെ സ്നേഹിക്കുകയും അവക്ക് പാർക്കാൻ മരങ്ങൾ കണ്ടുപിടിക്കുകയും ചെയ്തു. മനുഷ്യൻ പക്ഷികളെ സ്നേഹിക്കുകയും അവക്ക് വേണ്ടി കൂടുകൾ കണ്ടുപിടിക്കുകയും ചെയ്തു.

*പോഷണവും, ഉന്മേഷവും ശരീരത്തിനു കൊടുക്കുന്ന ഉറക്കം പോലെ സത്യമായ മൗനം മനസ്സിൻേറയും പ്രാണൻേറയും വിശ്രമമാണ്.

*ഈസ്റ്ററിൻെറ കഥ ദൈവത്തിൻെറ ദിവ്യ വിസ്മയമായ അത്ഭുത ജാലകത്തിൻെറ കഥയാണ്.

അത് ഈസ്റ്റർ പ്രഭാതമാണെന്ന് ഞാൻ ഓർമ്മിക്കുന്നു, അവിടെ ജീവിതവും, സ്നേഹവും സമാധാനവും എല്ലാം നവജാതങ്ങളാണ്.

*എല്ലാ സ്ത്രീ-പുരുഷന്മാരും മരണമില്ലാത്തവരായി കരുതട്ടെ. ക്രുസ്തുവിൻെറ വെളിപ്പാടു് അവൻെറ പുനരുത്ഥാനത്തിലാണെന്ന് അവർ ഗ്രഹിക്കട്ടെ. ക്രുസ്തു ഉയർത്തെഴുന്നേറ്റു എന്നു മാത്രമല്ല അവർ പറയേണ്ടത് ഞാനും ഉയർത്തെഴുന്നേൽക്കുമെന്നു കൂടിയാണ്.

*ഓരോ വേർപിരിയലും മരണത്തെപറ്റിയുള്ള ഒരു മുൻധാരണ നൽകുന്നു; ഓരോ പുനഃസമാഗമവും പുനരുത്ഥാനത്തിൻെറ സൂചന നൽകുന്നു.

വാതിൽക്കൽ അടച്ചുവച്ച വലിയ കല്ല് മാറ്റിയത് ക്രുസ്തുവിനു പുറത്ത് പോകാനല്ല, ശിഷ്യന്മാർക്ക് അകത്തേക്ക് കടക്കാൻ വേണ്ടിയായിരുന്നു.

ഭാവിയെക്കുറിച്ചുള്ള എല്ലാ പദ്ധതികൾക്കുമുള്ള താക്കോൽ പുനരുത്ഥാനത്തിലുണ്ട്.

എല്ലാവർക്കും അനുഗ്രഹീതമായ ഈസ്റ്റർ ആശംസകൾ !!

ശുഭം